# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഡിസംബർ 16

# വാർത്താക്കുറിപ്പ്

---

## CORRECTED FILE

**ഇന്നത്തെ വാർത്താക്കുറിപ്പിലെ 'വൈവാവോസി'യുടെ വാർത്ത ഒഴിവാക്കിയിട്ടുണ്ട്.**

## ബി.എ./ബി.കോം (പ്രൈവറ്റ്) അപേക്ഷ തീയതി നീട്ടി

ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്. - 2017 അഡ്മിഷൻ സപ്ലിമെന്ററി/2017ന് മുമ്പുള്ള അഡ്മിഷൻ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി/2012 അഡ്മിഷൻ സി.ബി.സി.എസ്.എസ്. മേഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 21 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ 26 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2224/2019)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ്- 2011 അഡ്മിഷൻ) പരീക്ഷയുടെ 'ഡിജിറ്റൽ സർക്യൂട്ട്സ് ഫണ്ടമെന്റൽസ് ആന്റ് കമ്പ്യൂട്ടർ ഓർഗനൈസേഷൻ' എന്ന പേപ്പറിന്റെ പരീക്ഷ ഡിസംബർ 30ന് നടക്കും. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/2225/2019)

## പുതുക്കിയ പരീക്ഷ തീയതി

നവംബർ 12, 14 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. സൈബർ ഫോറൻസിക് (സി.എസ്.എസ്. - 2019 അഡ്മിഷൻ റഗുലർ - അഫിലിയേറ്റഡ് കോളേജുകൾ മാത്രം) പരീക്ഷയുടെ 'കമ്പ്യൂട്ടർ ഓർഗനൈസേഷൻ ആന്റ് എംബെഡഡ് നെറ്റ്‌വർക്കിംഗ്', 'ലീനിയർ ആൾജിബ്ര ആന്റ് നാച്വറൽ ലാംഗ്വേജ് പ്രോസസിംഗ്' എന്നീ പേപ്പറുകളുടെ പരീക്ഷകൾ യഥാക്രമം ഡിസംബർ 18, 20 തീയതികളിൽ നടക്കും. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/2226/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, സിനിമ ആന്റ് ടെലിവിഷൻ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2227/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. എൻവയോൺമെന്റൽ സയൻസ് ആന്റ് മാനേജ്മെന്റ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2228/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ആക്ച്വറിയൽ സയൻസ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും

(പി.ആർ.ഒ/39/2229/2019)

2019 നവംബറിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2230/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2231/2019)

## എം.ജി.യിൽ പ്രൊഫ. സമോ ക്രാൾജിന്റെ പ്രഭാഷണം ഇന്ന് (ഡിസംബർ 17)

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി 'ലിക്വിഡ് ക്രിസ്റ്റൽ പോളിമറുകളെ'ക്കുറിച്ച് സംഘടിപ്പിക്കുന്ന പ്രഭാഷണപരിപാടി ഇന്ന് (ഡിസംബർ 17) നടക്കും. വൈകീട്ട് നാലിന് നാനോ വിഭാഗം സ്മാർട് റൂമിൽ സ്ലൊവേനിയയിലെ മാരിബോർ സർവകലാശാലയിലെ അധ്യാപകനും ശാസ്ത്രജ്ഞനുമായ പ്രൊഫ. സമോ ക്രാൾജ് പ്രഭാഷണം നടത്തും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

(പി.ആർ.ഒ/39/2232/2019)

## സോഫ്റ്റ്‌വെയർ ഡെവലപ്പർ; വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് സോഫ്റ്റ്‌വെയർ ഡെവലപ്പർ തസ്തികയിൽ നിയമിക്കുന്നതിനായി വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ഡിസംബർ 18ന് സർവകലാശാല ആസ്ഥാനത്താണ് ഇന്റർവ്യൂ. സമയം, യോഗ്യത തുടങ്ങി വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2733303.

(പി.ആർ.ഒ/39/2233/2019)

# REPEATED NEWS

## മലിനീകരണം ചെറുക്കാനുള്ള നൂതന ശാസ്ത്രീയമാർഗങ്ങൾ വെളിപ്പെടുത്തി എം.ജി.യിൽ രാജ്യാന്തര കോൺഫറൻസ് സമാപിച്ചു

ജലത്തിൽ കലരുന്ന എണ്ണ വേർതിരിച്ചെടുക്കാനും ഇതിലൂടെ ജലമലിനീകരണം തടയാനും കഴിയുന്ന ആവരണസ്തരങ്ങൾ(മെമ്പ്രേൻസ്) കണ്ടെത്തിയതായി മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കുന്ന രാജ്യാന്തര സപ്പറേഷൻ സയൻസ്-ടെക്നോളജി കോൺഫറൻസ്.

തന്മാത്രാരൂപേണ പ്രവർത്തിക്കുന്ന പിവിഡിഎഫ് അൾട്രാഫിൽറ്റർ മെമ്പ്രേനുകൾ വഴി ഇവ സാധ്യമാകുമെന്ന് ഡൽഹി ഐ.ഐ.റ്റി.യിലെ കനു പ്രിയ നായക് പറഞ്ഞു. ജലത്തിൽനിന്ന് എണ്ണയെ വേർതിരിച്ചെടുക്കാനുള്ള തീവ്രശേഷി പിവിഡിഎഫ് മെമ്പ്രേനുകൾക്കുണ്ടെന്നും കനുപ്രിയ പറഞ്ഞു. ജലശുദ്ധീകരണത്തിനും വസ്തുക്കളെ വേർതിരിക്കുന്നതിനും അരിച്ചെടുക്കുന്നതിനും മറ്റും ഉപയോഗിക്കുന്ന ആവരണസ്തരങ്ങളെ ക്രമാനുഗതമായ രൂപകൽപനയിലൂടെ നിലവിലുള്ള തന്മാത്രരൂപത്തിൽനിന്ന് ഉപകരണതലത്തിലേക്ക് മാറ്റാനുള്ള ഗവേഷണങ്ങളാണ് നടക്കുന്നതെന്ന് മുഖ്യപ്രഭാഷണം നടത്തിയ ജപ്പാനിലെ ടോക്കിയോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ശാസ്ത്രജ്ഞൻ ടാക്യോ യമഗുചി പറഞ്ഞു. ചെമ്മീനിന്റെ പുറന്തോടിൽ നിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന നൂതന രീതികളെക്കുറിച്ച് ലളിത് വസിഷ്ഠ സംസാരിച്ചു.

സർവകലാശാല പരിസ്ഥിതി പഠനവകുപ്പ്, പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രം, അന്തർസർവകലാശാല ഇൻസ്ട്രുമെന്റേഷൻ കേന്ദ്രം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പരിസ്ഥിതി പഠന വകുപ്പിൽ നടക്കുന്ന കോൺഫറൻസ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി മലിനീകരണം തടയാനുള്ള നൂതന ശാസ്ത്രീയ മാർഗങ്ങൾ കണ്ടെത്താനുള്ള കടമ ശാസ്ത്രസമൂഹത്തിനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രം ഡയറക്ടർ ഡോ. എ.പി. തോമസ് അധ്യക്ഷത വഹിച്ചു. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം പ്രൊഫ. കെ.എം. കൃഷ്ണൻ, പരിസ്ഥിതി പഠനവിഭാഗം മേധാവി പ്രൊഫ. ഇ.വി. രാമസ്വാമി എന്നിവർ പ്രസംഗിച്ചു. വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രശസ്ത ശാസ്ത്രജ്ഞരും ഗവേഷകരും പങ്കെടുക്കുന്ന കോൺഫറൻസ് ഇന്നലെ (ഡിസംബർ 16) സമാപിച്ചു.

## ചിത്രം കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല പരിസ്ഥിതി പഠനവകുപ്പും പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രവും അന്തർസർവകലാശാല ഇൻസ്ട്രുമെന്റേഷൻ കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന ാജ്യാന്തര സപ്പറേഷൻ സയൻസ്-ടെക്നോളജി കോൺഫറൻസ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.**

# ഗാന്ധിജിയുടെ നിസഹകരണ സമരത്തിന് ഇപ്പോഴും പ്രസക്തി: പ്രൊഫ. സൂസൻ വിശ്വനാഥൻ

ഗാന്ധിജിയുടെ നിസഹകരണം അടക്കമുള്ള സത്യഗ്രഹ സമരമാർഗങ്ങൾ ഇക്കാലത്തും പ്രസക്തമാണെന്ന് സാമൂഹിക ശാസ്ത്രജ്ഞയും ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയിലെ സോഷ്യൽ സിസ്റ്റം സ്റ്റഡി സെന്ററിലെ അധ്യാപികയുമായ പ്രൊഫ. സൂസൻ വിശ്വനാഥൻ. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന ഗാന്ധി സ്മൃതി പ്രഭാഷണ പരമ്പരയുടെ ഭാഗമായി 'ഗാന്ധിയും റൊമൈൻ റോളണ്ടും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അവർ.

ഗാന്ധിയൻ വ്യക്തിത്വത്തിന്റെയും ദർശനത്തിന്റെയും സമരത്തിന്റെയും ശക്തനായ വക്താവായിരുന്നു റൊമൈൻ റോളണ്ട്. ആത്മീയതയെ ശക്തമായ സമരായുധമാക്കി പരിവർത്തനം ചെയ്യാൻ കഴിയുമെന്ന് തെളിയിച്ചയാളെന്ന നിലയിലും ഗാന്ധിജിയെ അദ്ദേഹം വിലയിരുത്തി. ചുരുക്കംപേർ ചേർന്നുള്ള ഭരണരീതി പുതിയ രൂപത്തിൽ രാജ്യത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്. സമൂഹത്തിൽ പലതരത്തിലുള്ള വിഭജനം സൃഷ്ടിക്കുന്നതിനെതിരേ, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പ്രക്ഷോഭങ്ങൾ ഉയരുന്നത് പ്രതീക്ഷ നൽകുന്നു. സർവകലാശാലകൾ അടച്ചുപൂട്ടണമെന്നാണ് ചിലർ വാദിക്കുന്നത്. സ്ത്രീ, ദളിത്, മുസ്ളിം ബുദ്ധിജീവികൾ വളരരുതെന്നുള്ള വാദങ്ങൾ ഉയരുന്നു. ജനാധിപത്യത്തിനെതിരേയുള്ള യുദ്ധം നടക്കുന്ന ഇക്കാലത്ത് ഗാന്ധിജിയുടെ സമരമാർഗങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ടെന്നും അവർ പറഞ്ഞു.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. എം.എച്ച്. ഇല്ല്യാസ് അധ്യക്ഷതവഹിച്ചു.

## ചിത്രം കാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന ഗാന്ധി സ്മൃതി പ്രഭാഷണ പരമ്പരയുടെ ഭാഗമായി 'ഗാന്ധിയും റൊമൈൻ റോളണ്ടും' എന്ന വിഷയത്തിൽ സാമൂഹിക ശാസ്ത്രജ്ഞയും ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയിലെ സോഷ്യൽ സിസ്റ്റം സ്റ്റഡി സെന്ററിലെ അധ്യാപികയുമായ പ്രൊഫ. സൂസൻ വിശ്വനാഥൻ പ്രഭാഷണം നടത്തുന്നു.**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 16

# വാർത്താക്കുറിപ്പ്

---

CORRECTED FILE

ഇന്നത്തെ വാർത്താക്കുറിപ്പിലെ 'വൈവാവോസി'യുടെ വാർത്ത ഒഴിവാക്കിയിട്ടുണ്ട്.

## ബി.എ./ബി.കോം (പ്രൈവറ്റ്) അപേക്ഷ തീയതി നീട്ടി

ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്. - 2017 അഡ്മിഷൻ സപ്ലിമെന്ററി/2017ന് മുമ്പുള്ള അഡ്മിഷൻ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി/2012 അഡ്മിഷൻ സി.ബി.സി.എസ്.എസ്. മേഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 21 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ 26 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2224/2019)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ്- 2011 അഡ്മിഷൻ) പരീക്ഷയുടെ 'ഡിജിറ്റൽ സർക്യൂട്ട്സ് ഫണ്ടമെന്റൽസ് ആന്റ് കമ്പ്യൂട്ടർ ഓർഗനൈസേഷൻ' എന്ന പേപ്പറിന്റെ പരീക്ഷ ഡിസംബർ 30ന് നടക്കും. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/2225/2019)

## പുതുക്കിയ പരീക്ഷ തീയതി

നവംബർ 12, 14 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. സൈബർ ഫോറൻസിക് (സി.എസ്.എസ്. - 2019 അഡ്മിഷൻ റഗുലർ - അഫിലിയേറ്റഡ് കോളേജുകൾ മാത്രം) പരീക്ഷയുടെ 'കമ്പ്യൂട്ടർ ഓർഗനൈസേഷൻ ആന്റ് എംബെഡഡ് നെറ്റ്‌വർക്കിംഗ്', 'ലീനിയർ ആൾജിബ്ര ആന്റ് നാച്വറൽ ലാംഗ്വേജ് പ്രോസസിംഗ്' എന്നീ പേപ്പറുകളുടെ പരീക്ഷകൾ യഥാക്രമം ഡിസംബർ 18, 20 തീയതികളിൽ നടക്കും. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/2226/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, സിനിമ ആന്റ് ടെലിവിഷൻ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2227/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. എൻവയോൺമെന്റൽ സയൻസ് ആന്റ് മാനേജ്മെന്റ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2228/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ആക്ച്വറിയൽ സയൻസ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും

(പി.ആർ.ഒ/39/2229/2019)

2019 നവംബറിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2230/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2231/2019)

## എം.ജി.യിൽ പ്രൊഫ. സമോ ക്രാൾജിന്റെ പ്രഭാഷണം ഇന്ന് (ഡിസംബർ 17)

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്‌നോളജി 'ലിക്വിഡ് ക്രിസ്റ്റൽ പോളിമറുകളെ'ക്കുറിച്ച് സംഘടിപ്പിക്കുന്ന പ്രഭാഷണപരിപാടി ഇന്ന് (ഡിസംബർ 17) നടക്കും. വൈകീട്ട് നാലിന് നാനോ വിഭാഗം സ്മാർട് റൂമിൽ സ്ലൊവേനിയയിലെ മാരിബോർ സർവകലാശാലയിലെ അധ്യാപകനും ശാസ്ത്രജ്ഞനുമായ പ്രൊഫ. സമോ ക്രാൾജ് പ്രഭാഷണം നടത്തും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

(പി.ആർ.ഒ/39/2232/2019)

## സോഫ്റ്റ്‌വെയർ ഡെവലപ്പർ; വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് സോഫ്റ്റ്‌വെയർ ഡെവലപ്പർ തസ്തികയിൽ നിയമിക്കുന്നതിനായി വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ഡിസംബർ 18ന് സർവകലാശാല ആസ്ഥാനത്താണ് ഇന്റർവ്യൂ. സമയം, യോഗ്യത തുടങ്ങി വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്‌സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2733303.

(പി.ആർ.ഒ/39/2233/2019)

# REPEATED NEWS

## മലിനീകരണം ചെറുക്കാനുള്ള നൂതന ശാസ്ത്രീയമാർഗങ്ങൾ വെളിപ്പെടുത്തി എം.ജി.യിൽ രാജ്യാന്തര കോൺഫറൻസ് സമാപിച്ചു

ജലത്തിൽ കലരുന്ന എണ്ണ വേർതിരിച്ചെടുക്കാനും ഇതിലൂടെ ജലമലിനീകരണം തടയാനും കഴിയുന്ന ആവരണസ്തരങ്ങൾ(മെമ്പ്രേൻസ്) കണ്ടെത്തിയതായി മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കുന്ന രാജ്യാന്തര സപ്പറേഷൻ സയൻസ്-ടെക്‌നോളജി കോൺഫറൻസ്.

തന്മാത്രാരൂപേണ പ്രവർത്തിക്കുന്ന പിവിഡിഎഫ് അൾട്രാഫിൽറ്റർ മെമ്പ്രേനുകൾ വഴി ഇവ സാധ്യമാകുമെന്ന് ഡൽഹി ഐ.ഐ.റ്റി.യിലെ കനു പ്രിയ നായക് പറഞ്ഞു. ജലത്തിൽനിന്ന് എണ്ണയെ വേർതിരിച്ചെടുക്കാനുള്ള തീവ്രശേഷി പിവിഡിഎഫ് മെമ്പ്രേനുകൾക്കുണ്ടെന്നും കനുപ്രിയ പറഞ്ഞു. ജലശുദ്ധീകരണത്തിനും വസ്തുക്കളെ വേർതിരിക്കുന്നതിനും അരിച്ചെടുക്കുന്നതിനും മറ്റും ഉപയോഗിക്കുന്ന ആവരണസ്തരങ്ങളെ ക്രമാനുഗതമായ രൂപകൽപനയിലൂടെ നിലവിലുള്ള തന്മാത്രരൂപത്തിൽനിന്ന് ഉപകരണതലത്തിലേക്ക് മാറ്റാനുള്ള ഗവേഷണങ്ങളാണ് നടക്കുന്നതെന്ന് മുഖ്യപ്രഭാഷണം നടത്തിയ ജപ്പാനിലെ ടോക്കിയോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്‌നോളജിയിലെ ശാസ്ത്രജ്ഞൻ ടാക്യോ യമഗുചി പറഞ്ഞു. ചെമ്മീനിന്റെ പുറന്തോടിൽ നിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന നൂതന രീതികളെക്കുറിച്ച് ലളിത് വസിഷ്ഠ സംസാരിച്ചു.

സർവകലാശാല പരിസ്ഥിതി പഠനവകുപ്പ്, പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രം, അന്തർസർവകലാശാല ഇൻസ്ട്രുമെന്റേഷൻ കേന്ദ്രം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പരിസ്ഥിതി പഠന വകുപ്പിൽ നടക്കുന്ന കോൺഫറൻസ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി മലിനീകരണം തടയാനുള്ള നൂതന ശാസ്ത്രീയ മാർഗങ്ങൾ കണ്ടെത്താനുള്ള കടമ ശാസ്ത്രസമൂഹത്തിനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രം ഡയറക്ടർ ഡോ. എ.പി. തോമസ് അധ്യക്ഷത വഹിച്ചു. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം പ്രൊഫ. കെ.എം. കൃഷ്ണൻ, പരിസ്ഥിതി പഠനവിഭാഗം മേധാവി പ്രൊഫ. ഇ.വി. രാമസ്വാമി എന്നിവർ പ്രസംഗിച്ചു. വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രശസ്ത ശാസ്ത്രജ്ഞരും ഗവേഷകരും പങ്കെടുക്കുന്ന കോൺഫറൻസ് ഇന്നലെ (ഡിസംബർ 16) സമാപിച്ചു.

## <u>ചിത്രം കാപ്ഷൻ</u>

**മഹാത്മാഗാന്ധി സർവകലാശാല പരിസ്ഥിതി പഠനവകുപ്പും പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രവും അന്തർസർവകലാശാല ഇൻസ്ട്രുമെന്റേഷൻ കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന ാജ്യാന്തര സപ്പറേഷൻ സയൻസ്-ടെക്നോളജി കോൺഫറൻസ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.**

# <u>ഗാന്ധിജിയുടെ നിസഹകരണ സമരത്തിന് ഇപ്പോഴും പ്രസക്തി: പ്രൊഫ. സൂസൻ വിശ്വനാഥൻ</u>

ഗാന്ധിജിയുടെ നിസഹകരണം അടക്കമുള്ള സത്യഗ്രഹ സമരമാർഗങ്ങൾ ഇക്കാലത്തും പ്രസക്തമാണെന്ന് സാമൂഹിക ശാസ്ത്രജ്ഞയും ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയിലെ സോഷ്യൽ സിസ്റ്റം സ്റ്റഡി സെന്ററിലെ അധ്യാപികയുമായ പ്രൊഫ. സൂസൻ വിശ്വനാഥൻ. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന ഗാന്ധി സ്മൃതി പ്രഭാഷണ പരമ്പരയുടെ ഭാഗമായി 'ഗാന്ധിയും റൊമൈൻ റോളണ്ടും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അവർ.

ഗാന്ധിയൻ വ്യക്തിത്വത്തിന്റെയും ദർശനത്തിന്റെയും സമരത്തിന്റെയും ശക്തനായ വക്താവായിരുന്നു റൊമൈൻ റോളണ്ട്. ആത്മീയതയെ ശക്തമായ സമരായുധമാക്കി പരിവർത്തനം ചെയ്യാൻ കഴിയുമെന്ന് തെളിയിച്ചയാളെന്ന നിലയിലും ഗാന്ധിജിയെ അദ്ദേഹം വിലയിരുത്തി. ചുരുക്കംപേർ ചേർന്നുള്ള ഭരണരീതി പുതിയ രൂപത്തിൽ രാജ്യത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്. സമൂഹത്തിൽ പലതരത്തിലുള്ള വിഭജനം സൃഷ്ടിക്കുന്നതിനെതിരേ, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പ്രക്ഷോഭങ്ങൾ ഉയരുന്നത് പ്രതീക്ഷ നൽകുന്നു. സർവകലാശാലകൾ അടച്ചുപൂട്ടണമെന്നാണ് ചിലർ വാദിക്കുന്നത്. സ്ത്രീ, ദളിത്, മുസ്ളിം ബുദ്ധിജീവികൾ വളരരുതെന്നുള്ള വാദങ്ങൾ ഉയരുന്നു. ജനാധിപത്യത്തിനെതിരേയുള്ള യുദ്ധം നടക്കുന്ന ഇക്കാലത്ത് ഗാന്ധിജിയുടെ സമരമാർഗങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ടെന്നും അവർ പറഞ്ഞു.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. എം.എച്ച്. ഇല്ല്യാസ് അധ്യക്ഷതവഹിച്ചു.

## <u>ചിത്രം കാപ്ഷൻ</u>

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന ഗാന്ധി സ്മൃതി പ്രഭാഷണ പരമ്പരയുടെ ഭാഗമായി 'ഗാന്ധിയും റൊമൈൻ റോളണ്ടും' എന്ന വിഷയത്തിൽ സാമൂഹിക ശാസ്ത്രജ്ഞയും ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയിലെ സോഷ്യൽ സിസ്റ്റം സ്റ്റഡി സെന്ററിലെ അധ്യാപികയുമായ പ്രൊഫ. സൂസൻ വിശ്വനാഥൻ പ്രഭാഷണം നടത്തുന്നു.**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ